പ്രതിനിധിയായി പങ്കെടുത്ത വിവരവും, തിരുവനന്തപുരത്തെ സൗത്ത് പാർക്ക് ഹോട്ടലിൽ 2000 ഏപ്രിൽ 8-ാം തീയതി ശനിയാഴ്ച നടന്ന വിദേശ യുവജന സംഘടനകളുടേയും ഇടതുപക്ഷ യുവജനസംഘടനകളുടേയും സംയുക്ത യോഗത്തിൽ പ്രസംഗിച്ച വിവരവും നമ്മുടെ ഇന്റലിജൻസ് പോലീസ് അധികൃതർ അറിഞ്ഞിരുന്നോ എന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വിയറ്റ്നാംകാരൻ എങ്ങനെ തിരികെ വിയറ്റ്നാമിലേയ്ക്ക് പോയി എന്നത് വിശദമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ നമ്പർ 25022/45/94 എഫ്.ഐ. 28-3-1995 പ്രകാരം നയതന്ത്ര/ഔദ്യോഗിക പാസ്പോർട്ട് ഉള്ള സോഷ്യലിസ്റ്റു റിപ്പബ്ലിക് ഓഫ് വിയറ്റ്നാമിലെ പൗരൻമാരെ വിസ കൂടാതെ ഇൻഡ്യയിൽ പ്രവേശിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. അപ്രകാരം പ്രവേശിക്കുന്ന ആളുകൾക്ക് 90 ദിവസത്തിൽ കൂടാത്ത സമയംവരെ ഇൻഡ്യയിൽ താമസിക്കുവാനും അനുവാദമുണ്ട്. ഇതനുസരിച്ചുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(ബി) ചികിത്സാർത്ഥം മെഡിക്കൽ കോളേജാശുപത്രിയിൽ പോയിരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത വ്യക്തി 11-4-2000-ന് എ1 968 എയർ ഇൻഡ്യ വിമാനത്തിൽ മുംബൈ വഴി ഹാനോയിലേയ്ക്ക് പോയി

നാദാപുരം-കല്യാച്ചിയിലെ അക്രമങ്ങൾ

141 (60) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) 2000 ഏപ്രിൽ മാസത്തിൽ നാദാപുരം കല്യാച്ചി മേഖലയിൽ എന്തെല്ലാം അക്രമങ്ങൾ നടന്നിട്ടുണ്ട് ;

(ബി) ഈ അക്രമം ഉണ്ടാകാനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ;

(സി) ഈ അക്രമങ്ങൾ മൂലം എന്തെല്ലാം നാശനഷ്ടങ്ങളുണ്ടായി ;

(ഡി) 2000 ഏപ്രിൽ 22-ാം തീയതി നടന്ന സർവ്വകക്ഷി സമാധാന യോഗത്തിനു ശേഷം എന്തെല്ലാം അക്രമങ്ങൾ ഉണ്ടായി ;

(ഇ) പ്രസ്തുത തീയതി രാത്രിയിൽ പോലീസിന്റെ സാന്നിദ്ധ്യത്തിൽ കല്യാച്ചിയിലെ 6 കടകൾ തകർക്കുകയുണ്ടായോ ;

(എഫ്) അന്നു രാത്രി തന്നെ തൂണേരിയിലെ വെള്ളൂർ, പേരോട്, എടച്ചേരി എന്നിവിടങ്ങളിൽ കൃഷി നശിപ്പിച്ചുവോ ; അതുമൂലം എന്തെങ്കിലും നഷ്ടം ഉണ്ടായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഈ പ്രദേശത്തുണ്ടായ അക്രമങ്ങളുടെ പേരിൽ കേസ്സെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രപേരുടെ പേരിൽ ;

(എച്ച്) ഇതിൽ ഓരോ രാഷ്ട്രീയ കക്ഷികളിലേയും എത്ര പേർ വീതം പ്രതികളാണ് ; ഈ കേസുകളുടെ ഇപ്പോഴത്തെ നിലയെന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-എച്ച്) 21-4-2000-ന് നടന്ന നാദാപുരം മണ്ഡലം മുസ്ലീം യൂത്ത് ലീഗ് സമ്മേളനത്തിന് വാഹനത്തിൽ പോകുകയായിരുന്ന പ്രവർത്തകർ പ്രകോപനപരമായ മുദ്രാവാക്യം വിളിച്ചതിനെത്തുടർന്ന് എതിർവിഭാഗത്തിൽ പെട്ടവരുമായി വാക്കേറ്റവും അടിപിടിയും ഉണ്ടായി. ഇതേ തുടർന്ന് നാദാപുരം-കല്യാച്ചി മേഖലകളിൽ ചില കടകൾക്കും വീടുകൾക്കും നേരെ കല്ലേറും അക്രമങ്ങളും നടന്നിട്ടുണ്ട്. അക്രമണ സംഭവങ്ങളോടനുബന്ധിച്ച് സി.പി.ഐ (എം), ഐ.യു.എം.എൽ. പ്രവർത്തകരുടെ പേരിൽ നാദാപുരം പോലീസ് സ്റ്റേഷനിൽ 54 കേസ്സുകളും എടച്ചേരി പോലീസ് സ്റ്റേഷനിൽ19 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസന്വേഷണം നടന്നു വരുന്നു.

സംസ്ഥാന പോലീസിന്റെ അംഗ സംഖ്യ

142 (62) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസിന്റെ അംഗസംഖ്യ എത്രയെന്ന് വെളിപ്പെടുത്താമോ ;

(ബി) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പോലീസിന്റെ അംഗസംഖ്യ എത്രയായിരുന്നു ;

(സി) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് എത്ര പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ഇ) എസ്.പി., ഡി.വൈ.എസ്.പി. സർക്കിൾ ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ തസ്തികകളിൽ ഇപ്പോൾ എത്ര പേർ ജോലി ചെയ്യുന്നു എന്നും മുൻസർക്കാരിന്റെ കാലത്ത് ജോലി ചെയ്തിരുന്നു എന്നും തസ്തിക തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 47, 482

(ബി) 43, 117

(സി) പുതുതായി ഒന്നും അനുവദിച്ചിട്ടില്ല.

(ഡി) 414 പോലീസ് സ്റ്റേഷനുകൾ

(ഇ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly